# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.09.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ദേശീയ ഭൗമശാസ്ത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ വിതരണം ചെയ്തു.

   **President Droupadi Murmu today conferred upon the prestigious National Geoscience Awards 2024 at Rashtrapati Bhavan Cultural Centre in New Delhi.**

2. തൊഴിലും, സംരംഭകത്വവും വനിതകൾക്ക് സ്വപ്നസാക്ഷാത്കാരത്തിന് അവസരം നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi said that when a women becomes employed or starts her own business, it gives new wings to her dreams.**

3. മിഗ്-21 യുദ്ധവിമാനങ്ങൾക്ക് വിട നൽകി ഇന്ത്യൻ വ്യോമസേന ; ചണ്ഡീഗഢിൽ നടന്ന യാത്രയയപ്പ് ചടങ്ങിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങ് പങ്കെടുത്തു.

   **The Indian Airforce today bid farewell to the MiG-21 aircraft in Chandigarh after six decade of service to the nation. The aircraft was decommissioned in the presence of Defence Minister Rajnath Singh.**

4. രാജ്യവ്യാപകമായി ബിഎസ്എൻഎൽ 4-ജി സേവനം നാളെ മുതൽ ആരംഭിക്കുമെന്ന് കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ.

Union Communications Minister Jyotiraditya Scindia today announced the installation of BSNL's 4G stack across nearly 98 thousand sites nationwide

5. കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു; നാലു ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

IMD predicts very heavy rainfall in Kerala. Orange alert issued for four districts. Fishing activities prohibited across Kerala-Karnataka and Lakshadweep coasts.

6. ഏഷ്യാ കപ്പ് ക്രിക്കറ്റ് സൂപ്പർ ഫോറിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും.

In Asia Cup Cricket, India will take on Sri Lanka today.

*********************************************

## DAY PREZ- GEOSCIENCE AWARD (INTRO)

ദേശീയ ഭൗമശാസ്ത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ വിതരണം ചെയ്തു. ഭൗമശാസ്ത്രമേഖലയിൽ പുരസ്കാര ജേതാക്കൾ നൽകിയ വിശിഷ്ട സേവനങ്ങളെ രാഷ്ട്രപതി അഭിനന്ദിച്ചു. രാഷ്ട്രപതി ഭവനിലാണ് പുരസ്കാര ദാനച്ചടങ്ങ് നടന്നത്. മനുഷ്യ നാഗരികതയുടെ വികസനത്തിൽ ധാതുക്കൾ നിർണായക പങ്ക് വഹിക്കുന്നതായി രാഷ്ട്രപതി ചടങ്ങിൽ പറഞ്ഞു. കൽക്കരിയുടെയും, ഇരുമ്പിൻറെയും അഭാവത്തിൽ വ്യവസായവത്കരണം സാധ്യമാകുമായിരുന്നില്ലെന്നും ശ്രീമതി മുർമു ചൂണ്ടിക്കാട്ടി.

(ഹോൾഡ്)

*******************************************

## PM-BIHAR YOJANA (INTRO)

തൊഴിലും, സംരംഭകത്വവും വനിതകൾക്ക് സ്വപ്നസാക്ഷാത്കാരത്തിന് അവസരം നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ബിഹാറിൽ നടപ്പാക്കുന്ന മുഖ്യമന്ത്രി മഹിളാ റോസ്ഗാർ യോജനയുടെ ഉദ്ഘാടനം വീഡിയോ കോൺഫറൻസിംഗിലൂടെ നിർവഹിക്കുകയായിരുന്നു പ്രധാനമന്ത്രി. 75 ലക്ഷം സ്ത്രീകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 10,000 രൂപ വീതം പദ്ധതിയിലൂടെ കൈമാറി. കേന്ദ്ര സർക്കാരിൻറെ മുദ്രാ യോജന, ഡ്രോൺ ദീദി, ഇൻഷുറൻസ് സഖി പദ്ധതികൾ രാജ്യത്തെ വനിതകളുടെ സ്വയം തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്)

*******************************************

## MiG-21

മിഗ്-21 യുദ്ധവിമാനങ്ങൾക്ക് വിട നൽകി ഇന്ത്യൻ വ്യോമസേന. 60 വർഷം നീണ്ട ഐതിഹാസിക സേവനങ്ങൾക്ക് ശേഷമാണ് മിഗ്-21 വ്യോമസേനയോട് യാത്ര പറഞ്ഞത്. രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്ങിൻറെ സാന്നിധ്യത്തിൽ ചണ്ഡീഗഢിൽ നടന്ന ചടങ്ങിലാണ് വിമാനങ്ങൾ ഡീകമ്മീഷൻ ചെയ്തത്. വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ.പി സിങ്ങ് മിഗ്-21 ൻറെ അവസാന പറക്കലിന് നേതൃത്വം നൽകി. സംയുക്ത സേനാ മേധാവി അനിൽ ചൗഹാനും, മറ്റ് സേനാ മേധാവിമാരും ചടങ്ങിൽ സന്നിഹിതരായി. യുദ്ധമുഖത്തെ ഭയരഹിത പോരാളിയായിരുന്നു മിഗ്-21 യുദ്ധവിമാനങ്ങളെന്ന് പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. 1963 ൽ വ്യോമസേനയുടെ ഭാഗമായ മിഗ് 21 1965 ലെയും,

71 ലെയും ഇന്തോ-പാക് യുദ്ധത്തിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്

*******************************************

## SCINDIA BSNL 4G

രാജ്യവ്യാപകമായി ബിഎസ്എൻഎൽ 4-ജി സേവനം നാളെ മുതൽ ലഭ്യമാക്കുമെന്ന് കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ നിർവഹിക്കും. പൂർണമായും തദ്ദേശിയമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് ബിഎസ്എൻഎൽ 4ജി സേവനങ്ങൾ നൽകുന്നത്. 5ജി സേവനങ്ങളും ഈ വർഷം തന്നെ നൽകാനാണ് ബിഎസ്എൻഎൽ പദ്ധതിയിടുന്നത്.

*******************************************

## SEVA PARV – INTERNET REVOLUTION (INTRO)

പൊതുസേവനവും, സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ, ഇൻറർനെറ്റ് വിപ്ലവത്തിലൂടെ രാജ്യത്ത് സാധ്യമാക്കിയ പരിവർത്തനങ്ങളാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്. ബ്രോഡ്ബാൻഡിന്റെയും, അതിവേഗ മൊബൈൽ നെറ്റ്വർക്കുകളുടെയും പിന്തുണയോടെ നഗര-ഗ്രാമ ഭേദമില്ലാതെ രാജ്യം മാറ്റത്തിൻറെ പാതയിൽ മുന്നേറുകയാണ്. കേന്ദ്രസർക്കാരിൻറെ ഭാരത് നെറ്റ് പദ്ധതി ഇതിൽ നിർണായക പങ്കാണ് വഹിക്കുന്നത്. 2.18 ലക്ഷത്തോളം ഗ്രാമ പഞ്ചായത്തുകളിൽ ഡിജിറ്റൽ കണക്ടിവിറ്റി ഉറപ്പുവരുത്താൻ ഈ സംരംഭത്തിലൂടെ സാധിച്ചു. ഇൻറർനെറ്റ് ഉപയോഗത്തിൽ ഗ്രാമങ്ങൾ, നഗരങ്ങളെ മറികടക്കുന്ന അപൂർവ്വ കാഴ്ചയ്ക്കാണ് രാജ്യം സാക്ഷ്യം വഹിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

(പി എം വോയ്സ് - മ്യൂസിക്)

*******************************************

## BREAK

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...**

**(ബ്രേക്ക്)**

*******************************************

## GST REFORMS- MULTIPLE SECTOR

ഇന്ത്യയുടെ പരോക്ഷ നികുതി സമ്പ്രദായം ലളിതമാക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ് പുത്തൻ തലമുറ ജിഎസ്ടി പരിഷ്ക്കാരങ്ങൾ എന്ന് കേന്ദ്രസർക്കാർ. ഈ മാസം 22 ന് പ്രാബല്യത്തിൽ വന്ന ജിഎസ്ടി ഘടന പരിഷ്കാരങ്ങൾ, നികുതി ഘടനയെ 5 ശതമാനം, 18 ശതമാനം എന്നിങ്ങനെ രണ്ടു സ്ലാബുകളാക്കി മാറ്റി. സാധാരണക്കാർക്കും, തൊഴിലാളികൾക്കും, കർഷകർക്കും ഏറെ പ്രയോജനം ചെയ്യുന്ന വിധത്തിലാണ് നിരക്ക് മാറ്റം.

*******************************************

## LEH UNDER RESTRICTIONS

ബുധനാഴ്ച നടന്ന അക്രമാസക്തമായ പ്രതിഷേധങ്ങൾക്ക് ശേഷം, ലേയിൽ സ്ഥിതിഗതികൾ ശാന്തമായതായി ലഡാക്ക് ഭരണകൂടം. അനിഷ്ട സംഭവങ്ങളുണ്ടായതായി റിപ്പോർട്ടുകളില്ല. സ്കൂളുകളും, കോളേജുകളും, അങ്കൺവാടികളും ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും രണ്ട് ദിവസത്തെ അവധി നൽകിയിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളും അടഞ്ഞു കിടക്കുകയാണ്. റോഡുകളിൽ നാമമാത്രമായ ഗതാഗതം മാത്രമാണുള്ളത്. നാല് പേരുടെ ജീവൻ നഷ്ടമായ സംഭവത്തിൽ ദുഖം രേഖപ്പെടുത്തിയ ലേ വികസന കൗൺസിൽ ഇത് സംബന്ധിച്ച് അന്വേഷണവും പ്രഖ്യാപിച്ചു. അതേസമയം ലഡാക്കിലെ പരിസ്ഥിതി നേതാവായ

സോനം വാങ്ചുകിന്റെ എൻജിഒയ്ക്ക് വിദേശ സംഭാവന സ്വീകരിക്കാനുള്ള FCRA സർട്ടിഫിക്കറ്റ് ആഭ്യന്തര മന്ത്രാലയം റദ്ദാക്കി. FCRA നിയമം ലംഘിച്ച് എൻ.ജി.ഒ അക്കൗണ്ടിലൂടെ പണം കൈപ്പറ്റിയെന്ന് ആരോപിച്ചാണ് നീക്കം.

*******************************************

## CENTRAL TEAM – VISIT

നെല്ല് സംഭരണം സംബന്ധിച്ച് കർഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച കേന്ദ്ര സംഘം പാലക്കാട് ജില്ലയിൽ സന്ദർശനം ആരംഭിച്ചു. വടവന്നൂർ പാടത്തിലെ കർഷകരുമായി സംഘം സംവദിച്ചു. കൊല്ലങ്കോട്, പൊൽപ്പുള്ളി, മലമ്പുഴ എന്നിവിടങ്ങളിലും കർഷകരെ സംഘം നേരിൽക്കാണും.

*******************************************

## L.MURUGAN

കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ ഇന്നും നാളെയുമായി കേരളവും തമിഴ്നാടും സന്ദർശിക്കും. നാളെ കൊല്ലത്ത് അമൃത വിശ്വ വിദ്യാപീഠം ക്യാമ്പസിൽ അമൃത വർഷം പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും.

*******************************************

## RAIN – KERALA

കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിനും ഇടിമിന്നലിനും

സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

*******************************************

## DAM OPEN

തിരുവനന്തപുരം അരുവിക്കര ഡാമിൽ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ ഷട്ടറുകൾ 15 സെന്റീമീറ്റർ ഉയർത്തി. ഡാമിന്റെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. പ്രതികൂല കാലാവസ്ഥ കാരണം മങ്കയം ഇക്കോ ടൂറിസം കേന്ദ്രം അടച്ചു. പത്തനംതിട്ട അച്ചൻകോവിൽ നദിയിൽ ജലനിരപ്പുയരുന്നു. നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. അധികൃതരുടെ നിർദേശാനുസരണം പ്രളയ സാധ്യതയുള്ളയിടങ്ങളിൽ നിന്ന് മാറി താമസിക്കണമെന്നും മുന്നറിയിപ്പ്.

*******************************************

## ASIA CUP CRICKET

ഏഷ്യാ കപ്പ് ക്രിക്കറ്റ് സൂപ്പർ ഫോറിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. ദുബായ് ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. ഞായറാഴ്ചയാണ് ഇന്ത്യയും പാകിസ്ഥാനുമായുള്ള ഫൈനൽ. സൂപ്പർ ഫോറിൽ ഇന്നലെ ബംഗ്ലാദേശിനെ 11 റൺസിന് പരാജയപ്പെടുത്തിയാണ് പാകിസ്ഥാൻ ഫൈനൽ ഉറപ്പിച്ചത്.

*******************************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻറെ 126-ാം പതിപ്പ് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. ദൂരദർശൻറെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും. 1800-11-7800

എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും മൻ കി ബാത്തിലേക്ക് ആശയങ്ങൾ അറിയിക്കാനുള്ള സമയ പരിധി ഇന്ന് അവസാനിക്കും.

**************************************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 334 പോയിന്റ് ഇടിഞ്ഞ് 80,825 ലും, നിഫ്റ്റി 105 പോയിന്റ് ഇടിഞ്ഞ് 24,785 ലും വ്യാപാരം തുടരുന്നു. സ്വർണവില വീണ്ടും ഉയർന്നു. പവന് 320 രൂപ വർദ്ധിച്ച് 84,240 രൂപയും ഗ്രാമിന് 10,530 രൂപയുമാണ് ഇന്നത്തെ വില.

**************************************

## PALESTINIAN PRESIDENT

ഹമാസിനെ അപലപിച്ച് പലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസ്. യുഎൻ പിന്തുണയുള്ള സമാധാന പദ്ധതിയിൽ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി ചേർന്ന് പ്രവർത്തിക്കാൻ തയ്യാറാണെന്നും മഹ്മൂദ് അബ്ബാസ് വ്യക്തമാക്കി . യുഎൻ പൊതുസഭയിൽ നിന്ന് വിലക്കിയതിനെ തുടർന്ന് വീഡിയോ സന്ദേശത്തിലൂടെയാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. സമാധാന പദ്ധതിക്കായി യുഎസ്, ഫ്രാൻസ്, സൗദി അറേബ്യ എന്നീ രാജ്യങ്ങളുമായി സഹകരിക്കാൻ തയ്യാറാണെന്നും മഹ്മൂദ് അബ്ബാസ് പറഞ്ഞു.

***********************************************************************************************************************************************************************